LIBRARY ARCHIVES Kerala Legislative Assembly

ഡി.പി.സി. കരാറനുസരിച്ച് അവസാന ക്വാർട്ടർ മരുന്നുകൾ നൽകാത്ത കമ്പനികൾ

141 (4576) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞവർഷത്തെ ഡി.പി.സി. കരാറനുസരിച്ച് അവസാന ക്വാർട്ടർ മരുന്ന് നൽകാത്ത കമ്പനികളുണ്ടോ ; ഉണ്ടെങ്കിൽ അവ എത്ര കമ്പനികൾ ; അവ ഏതെല്ലാം ; അവർ നൽകുന്ന മരുന്നുകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത്തരം കമ്പനികൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മെഡിക്കൽ കോളേജ് ആശുപത്രിക്കാവശ്യമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ

142 (4577) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജാശുപത്രികൾക്കാവശ്യമുള്ള ഉപകരണങ്ങൾ ടെണ്ടർ വ്യവസ്ഥ പ്രകാരമാണോ വാങ്ങുന്നത് ;

(ബി) ഇതുവരെ എത്ര ഇൻസിനറേറ്റർ വാങ്ങിച്ചു ; ഇവയിൽ എത്ര എണ്ണം സ്ഥാപിച്ചുവെന്ന് പറയാമോ ;

(സി) പ്രസ്തുത ഉപകരണം ടെണ്ടർ ഉറപ്പിച്ചുനൽകിയാൽ എത്ര ദിവസത്തിനകം സ്ഥാപിക്കണമെന്നതാണ് ടെണ്ടർ വ്യവസ്ഥ ;

(ഡി) മെഡിക്കൽ കോളേജാശുപത്രികൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്തുതുക ലഭിച്ചു ; ഇതിൽ എന്തുതുക ചെലവഴിച്ചു ;

(ഇ) കേന്ദ്രഗവൺമെന്റ് അനുവദിച്ച തുക ചെലവഴിക്കാതെ ലാപ്സായിട്ടുണ്ടോ ; എങ്കിൽ എത്ര ; കേന്ദ്ര സർക്കാർ അനുവദിച്ച തുക ചെലവഴിക്കാൻ സംസ്ഥാന ധനവകുപ്പ് പ്രത്യേക ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) മെഡിക്കൽ കോളേജാശുപത്രികൾക്കാവശ്യമായ ഉപകരണങ്ങൾ ടെണ്ടർ വ്യവസ്ഥ പ്രകാരമാണ് വാങ്ങുന്നത്.

(ബി) ഇതുവരെ രണ്ട് ഇൻസിനറേറ്റർ വാങ്ങിച്ചു. ഒരെണ്ണം കോഴിക്കോട് മെഡിക്കൽ കോളേജിനും ഒരെണ്ണം ആലപ്പുഴ മെഡിക്കൽ കോളേജിനും. ഇവ രണ്ടെണ്ണവും അതാത് മെഡിക്കൽ കോളേജുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

(സി) ടെണ്ടർ വ്യവസ്ഥയനുസരിച്ച് കുറഞ്ഞത് ഒരു മാസത്തിനകം സ്ഥാപിക്കണമെന്നതാണ് പൊതുവായ നിയമം.

(ഡി) ഉണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിനുവേണ്ടി 1.50 കോടി രൂപയും കോഴിക്കോട് മെഡിക്കൽ കോളേജിനുവേണ്ടി 1.42 കോടി രൂപയും തൃശ്ശൂർ മെഡിക്കൽ കോളേജിന് 1.80 കോടി രൂപയും കോട്ടയം മെഡിക്കൽ കോളേജിനു വേണ്ടി 2 കോടി രൂപയും ലഭിച്ചു. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. അതിനാൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ഇ) ലാപ്സായിട്ടില്ല. ധനവകുപ്പും ആരോഗ്യവകുപ്പും ഇതു സംബന്ധിച്ച് ഇറക്കിയ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഹെൽത്ത് എഡ്യൂക്കേഷൻ വിഭാഗത്തിൽ അദ്ധ്യാപകരുടെ ഒഴിവുകൾ

143 (4578) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ 'ഹെൽത്ത് എഡ്യൂക്കേഷൻ' വിഭാഗത്തിൽ എത്ര അധ്യാപകരുടെ ഒഴിവുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രൊമോഷൻവഴി നിയമനം നടത്തേണ്ടതായ ലക്ചറർ, അസിസ്റ്റന്റ് പ്രൊഫസർ മുതലായ തസ്തികകളിലേയ്ക്കുള്ള പ്രസ്തുത ഒഴിവുകൾ നികത്താത്തതിന്റെ കാരണം വിശദമാക്കുമോ ;

(സി) ഹെൽത്ത് എഡ്യൂക്കേഷൻ വിഭാഗത്തിൽ പ്രൊമോഷൻ സംബന്ധിച്ച ഡി.പി.സി. കൂടിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഡി.പി.സി. കൂട്ടാത്തതിനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ ; ഇത് കൂട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇതിൻപ്രകാരം എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ജി) ഈ വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ സംബന്ധിച്ച് നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly